(ബി) ഇടർ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകി കഴിഞ്ഞു. പദ്ധതി നിർവ്വഹണം നടന്നുവരുന്നു. പുതിയ പദ്ധതികൾക്കുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. പച്ചക്കറി-പുഷ്പകൃഷിക്കായുള്ള മികവിന്റെ കേന്ദ്രം എന്ന പദ്ധതിക്കുള്ള പ്രൊപ്പോസൽ സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കണ്ണൂർ ആസ്ഥാനമാക്കി ഉത്തരമേഖലാ കൃഷി ഡയറക്ടറേറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. കർഷക ഉല്പാദക സംഘങ്ങളുടെ രൂപീകരണം പുരോഗമിച്ചു വരുന്നു. പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസി Small Farmers Agri Business Consortium (SFAC) ആണ്.

(സി) ഇടർ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകി കഴിഞ്ഞു. 2014-15 പ്ലാനിലുൾപ്പെടുത്തിയിട്ടുള്ള ഭൂരിഭാഗം പദ്ധതികളും 2015 മാർച്ചോടുകൂടി നിർവ്വഹണം പൂർത്തിയാക്കുന്നതാണ്. കാസർഗോഡ് ജില്ലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 9.195 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതി നടപ്പിലാക്കി വരുന്നു. വയനാട് ജില്ലയിൽ ജൈവകൃഷി നടപ്പിലാക്കുന്നതിന് 2.45 കോടി രൂപയുടെ ഒരു പദ്ധതി പരിഗണനയിലാണ്. എല്ലാ നിയോജക മണ്ഡലങ്ങളിലും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജനപ്രതിനിധികളെയും കർഷകരെയും ഉൾപ്പെടുത്തി ബോധവൽക്കരണ ക്യാമ്പയിനുകൾ നടന്നു വരുന്നു. ദീർഘകാല പദ്ധതികളായ കേരസമൃദ്ധി, നീര ഉല്പാദനം, തൃശ്ശൂരിലെ അഗ്രികോപ്ലക്സ്, കാർഷിക മാൾ എന്നിവ 2015-16 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. മേഖല കൃഷി ഡയറക്ടറേറ്റ് 'നിറവ്' എന്നീ പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരികയാണ്.

## ആലത്തൂർ മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനം

304 (1747) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ മോഡേൺ റൈസ് മില്ലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) വർഷങ്ങളായി പ്രസ്തുത സ്ഥാപനം പ്രവർത്തനരഹിതമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വെയർ ഹൗസിംഗ് കോർപ്പറേഷന്റെ മേൽനോട്ടത്തിലാണ് ഇപ്പോൾ ഈ സ്ഥാപനം ഉള്ളതെന്ന കാര്യം അറിയുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എന്തു കൊണ്ടാണ് പ്രസ്തുത മിൽ തുറന്നു പ്രവർത്തിപ്പിക്കാത്തതെന്നു വ്യക്തമാക്കുമോ ;

(ഇ) മിൽ തുറന്നു പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലത്തൂർ മോഡേൺ റൈസ് മിൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(ബി) 8-6-2010 മുതൽ മിൽ പ്രവർത്തിക്കുന്നില്ല.

(സി) വെയർഹൗസിംഗ് കോർപ്പറേഷന്റെ മേൽ നോട്ടത്തിലാണ് പ്രസ്തുത മിൽ ഇപ്പോൾ ഉള്ളത്

(ഡി) പ്രവർത്തനാവശ്യമായ നെല്ല് സംഭരിച്ചു നൽകുവാനുള്ള കരാർ ആലത്തൂർ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി ഏറ്റെടുത്തിരുന്നുവെങ്കിലും മിൽ പ്രവർത്തിക്കുവാൻ ആവശ്യമായ നെല്ല് നിശ്ചിത അളവിലും നിശ്ചയിക്കപ്പെട്ട നിരക്കിലും സപ്ലൈ ചെയ്യുവാൻ സൊസൈറ്റിക്ക് സാധിച്ചില്ല. അതുമൂലം മിൽ പ്രവർത്തിപ്പിക്കുവാൻ സാധിച്ചില്ല. കൂടാതെ കോർപ്പറേഷനിലുള്ള താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടാനുള്ള കോടതി ഉത്തരവ് പ്രകാരം 17-8-2010-ൽ മിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന താൽക്കാലിക ജീവനക്കാരെയും പിരിച്ചുവിടുകയുണ്ടായി.

(ഇ) മിൽ തുറന്നുപ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ കേരള സ്റ്റേറ്റ് സീഡ് അതോറിറ്റിയുമായി നടത്തിയിട്ടുണ്ട്. മിൽ പ്രവർത്തനം പുനരാരംഭിക്കുവാനുള്ള നടപടികൾ ത്വരിതഗതിയിലാണ്.

**പടന്നക്കാട് കാർഷിക കോളേജിലെ അദ്ധ്യാപക ഒഴിവുകൾ**

305 (1748) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പടന്നക്കാട് കാർഷിക കോളേജിലെ അദ്ധ്യാപകക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ ഉണ്ടെന്നും, ആകെ തസ്തിക എത്രയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പടന്നക്കാട് കാർഷിക കോളേജിൽ നിലവിൽ 63 അദ്ധ്യാപക തസ്തികകൾ ഉണ്ട്. ഇതിൽ 31 അദ്ധ്യാപക തസ്തികകൾ കോളേജ് ആരംഭിച്ചകാലത്ത് കാർഷിക സർവ്വകലാശാലയുടെ വിവിധ സ്ഥാപനങ്ങളിൽനിന്നും പടന്നക്കാട് കോളേജിലേക്ക് മാറ്റപ്പെട്ടവയാണ്. ഈ

LIBRARY ARCHIVES Kerala Legislative Assembly